(ബി) ഉണ്ട്. സ്വകാര്യ സംരംഭകർക്ക് ഇപ്പോൾ 56.5% ഓഹരി നിക്ഷേപങ്ങൾ ഉണ്ട്. മത്സ്യഫെഡിനും KSIDC-ക്കും നൽകുന്ന ഷെയറുകൾകൂടി കണക്കിലെടുക്കുമ്പോൾ ഈ അനുപാതത്തിൽ മാറ്റം വരും. ഹബ് ഏടുക്കുന്ന സ്വകാര്യ സംരംഭകർക്ക് 25 ലക്ഷം രൂപയും, സാറ്റ്ലൈറ്റ് ഫാമുകൾക്ക് 12.5 ലക്ഷം രൂപയുമാണ് ഷെയർ.

(സി) കമ്പനിക്കുവേണ്ടി കടുങ്ങല്ലൂരിൽ 9.5 ഏക്കർ സർക്കാർ ഭൂമി 30 വർഷത്തെ ലീസ് വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. മത്സ്യവിത്ത് ഹാച്ചറികൾ, അക്വേറിയങ്ങൾ, മറ്റു ഫിഷറീസ് സ്ഥാപനങ്ങൾ എന്നിവ കൈമാറിയിട്ടില്ല.

(ഡി) കമ്പനിക്കുവേണ്ടി കടുങ്ങല്ലൂരിൽ 9.5 ഏക്കർ സർക്കാർ ഭൂമി 30 വർഷത്തെ ലീസ് വ്യവസ്ഥയിലാണ് നൽകിയിട്ടുള്ളത്.

മത്സ്യബന്ധന തുറമുഖവും ഫിഷ് ലാന്റിംഗ് സെന്ററും നവീകരിക്കുന്നതിന് നടപടി

210 (4834) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മത്സ്യബന്ധന തുറമുഖവും ഫിഷ് ലാന്റിംഗ് സെന്ററുകളും ഉണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇവയുടെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി 2006-07 മുതൽ കഴിഞ്ഞ സാമ്പത്തിക വർഷംവരെ കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക എത്ര വീതമാണ് ;

(സി) ഇതിലേക്ക് സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര വീതമായിരുന്നു ;

(ഡി) മേൽ കേന്ദ്രങ്ങളുടെ നവീകരണവും വികസനവും ലക്ഷ്യമാക്കി തയ്യാറാക്കിയ ഏതെങ്കിലും പദ്ധതികൾക്ക് രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ. കെ. വി. വൈ) എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കണമെന്ന ആവശ്യം സർക്കാർ കേന്ദ്രത്തിൽ ഉന്നയിച്ചിരുന്നുവോ; കേന്ദ്രത്തിൽ നിന്ന് എത്ര തുക അനുവദിച്ചു ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൂർണ്ണമായും പൂർത്തിയായ 9 മത്സ്യബന്ധന തുറമുഖങ്ങളും, പണി നടന്നുകൊണ്ടിരിക്കുന്ന 10 മത്സ്യബന്ധന തുറമുഖങ്ങളും പ്രവർത്തനക്ഷമമായ 43 മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും ഉണ്ട്.

(ബി)

2006-07	-	728.515 ലക്ഷം രൂപ
2007-08	-	200.00 ലക്ഷം രൂപ
2008-09	-	700.00 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

	2009-10	-	1661.80 ലക്ഷം രൂപ
	ആകെ	-	3290.315 ലക്ഷം രൂപ
(സി)	2006-07	-	345.515 ലക്ഷം രൂപ
	2007-08	-	1703.87 ലക്ഷം രൂപ
	2008-09	-	1244.28 ലക്ഷം രൂപ
	2009-10	-	841.65 ലക്ഷം രൂപ
	ആകെ	-	4135.315 ലക്ഷം രൂപ

(ഡി) കാസർഗോഡ് മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് ആർ. കെ. വി. വൈ. സ്കീമിൽ ഉൾപ്പെടുത്തി 2975 ലക്ഷം രൂപയുടെ അനുമതി ലഭിച്ചു. 2008-09, 2009-10 എന്നീ വർഷങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 600 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2010-2011 വർഷത്തെ നിർമ്മാണ പ്രവർത്തനത്തിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുക ലഭ്യമായിട്ടില്ല.

ചെറുവത്തൂർ തുറമുഖം

211 (4835) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെറുവത്തൂർ തുറമുഖത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, പ്രൊട്ടക്ഷൻബണ്ട് എന്നീ പ്രവൃത്തികൾക്കായി മുൻ യോഗ്യതാനിർണ്ണയ ദർഘാസുകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള ദർഘാസുകൾ പരിശോധിച്ചുവരുന്നു. ടെണ്ടറുകൾ പരിശോധിച്ച് അംഗീകാരം നൽകിയതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്.

പരപ്പനങ്ങാടി മിനി ഫിഷിംഗ് ഹാർബർ

212 (4836) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരപ്പനങ്ങാടി മിനി ഫിഷിംഗ് ഹാർബർ, സ്ഥാപിക്കുന്നതിനു വേണ്ടി പഠനം പൂർത്തിയായ സ്ഥിതിക്ക് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനുള്ള നടപടികൾ ഏതുഘട്ടം വരെയായിയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നത്തേയ്ക്ക് പ്രസ്തുത ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly